LIBRARY ARCHIVES Kerala Legislative Assembly

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

142 [906] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുഖ്യമന്ത്രി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) മുഖ്യമന്ത്രി വിളിച്ചു ചേർത്ത ചർച്ചയെത്തുടർന്ന് കോട്ടൺസ് മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കമ്പനി തുറന്ന് പ്രവർത്തനമാരംഭിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സാദ്ധ്യത സംബന്ധിച്ചും ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ മാനേജ്മെന്റിനോട് നിർദ്ദേശിച്ചു. പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച് പഠനം നടത്തി തുടർന്ന് വീണ്ടും ചർച്ചകൾ നടത്താനും തീരുമാനമായി. അപ്രകാരം മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൻമേൽ തൊഴിൽ വകുപ്പുമന്ത്രി 13-2-2006-ന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

(സി & ഡി) കോട്ടൺസ് മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടും ബന്ധപ്പെട്ട കാര്യങ്ങളും തൊഴിൽ വകുപ്പുമന്ത്രി, 13-2-2006-ന് മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തുകയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൗകര്യാർത്ഥം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിലെ മില്ലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സാദ്ധ്യതയെക്കുറിച്ച് കഴിവതും വേഗം ചർച്ച നടത്താമെന്നും തീരുമാനിച്ചു.

പെരുമ്പാവൂർ നഗരസഭാ അതിർത്തിയിലെ ഇ.എസ്.ഐ. ആഫീസിന്റെയും ആശുപത്രി കെട്ടിടത്തിന്റെയും ജീർണ്ണാവസ്ഥ പരിഹരിക്കാൻ നടപടി

143 [907] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നഗരസഭ അതിർത്തിയിൽ ഇ.എസ്.ഐ. ആഫീസും ആശുപത്രിയും സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ ആണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇ.എസ്.ഐ.-ക്കുവേണ്ടി പെരുമ്പാവൂർ വില്ലേജിൽ ഏതൊക്കെ സർവ്വേ നമ്പറുകളിൽ എവിടെയൊക്കെയാണ് നിലവിൽ ഭൂമി കൈവശമുള്ളതെന്നും പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും അറിയിക്കാമോ ;